# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.4962 30.06.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

## സിവിൽ സർവ്വീസ്അഴിമതി രഹിതവും കാര്യക്ഷമവു മാക്കുന്നതിനായുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു.മുഖ്യമന്ത്രി |
| (എ) സിവിൽ സർവ്വീസ് അഴിമതി രഹിതവും കാര്യക്ഷമവു മാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ: | (എ) സിവിൽ സർവ്വീസ് അഴിമതി രഹിതവും കാര്യക്ഷമവു മാക്കുന്നതിന്റെ ഭാഗമായാണ് വിവിധ വകുപ്പുകളിൽ ഈ-ഗവേണൻസ് സംവിധാനം നടപ്പിലാക്കുന്നത് ഇ-ടെൻഡർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. പൗരാവകാശ രേഖ, വിവരാവകാശ നിയമം, സേവനാവകാശ നിയമം, ഈ-ഓഫീസ്, ബയോമെട്രിക് പഞ്ചിംഗ്, ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ മുതലായ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഴിമതി കണ്ടെത്താനായി എല്ലാ വകുപ്പുകളിലുമായി വിജിലൻസ് ഉൾപ്പെടെയുള്ള എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ട്; | (ബി) | വിജിലൻസ് റെയ്ഡ് ഉൾപ്പെടെ വിവിധ വകുപ്പുകളിൽ 696 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ വന്ന ശേഷം നാളിതുവരെ എന്തു തുക ഇപ്രകാരം പിടിച്ചെടുത്തിട്ടുണ്ട്; ഇതിൽ കുറ്റക്കാരായിഎത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ട്; അവർ ആരെല്ലാം; വകുപ്പ് തിരിച്ച് വ്യകതമാക്കുമോ; | (സി) | 800934/-രൂപ റെയ്ഡുകൾ നടത്തി പിടിച്ചെടുക്കുകയും, 295 പേരെ വിവിധ വകുപ്പുകളിലായി കുറ്റക്കാരായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി (അനുബന്ധം -എ) ചേർക്കുന്നു. |
| (ഡി) | കൈക്കൂലി വാങ്ങിയതിന് കുറ്റക്കാരനായി കണ്ടെത്തിയ ഐ.പി.എസ് ഉദ്യോഗസ്ഥൻ രാഹുൽ.ആർ.നായർ ഉൾപ്പെടെ ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ്. ഉൾപ്പെടെ എത്ര ഉദ്യോഗസ്ഥർക്ക് ഈ സർക്കാർ പുനർ നിയമനം നൽകിയിട്ടുണ്ട്. അവർ ആരെല്ലാം; എവിടെയൊക്കെയാണ് നിയമനം നൽകിയത്; വ്യക്തമാക്കുമോ: | (ഡി) | ഐ.എ.എസ്, ഐ.എഫ്.എസ്, ഉദ്യോഗസ്ഥരെ കൈക്കൂലി വാങ്ങിയതിന് കുറ്റക്കാരായി കണ്ടെത്തിയിട്ടില്ല. കാസർഗോഡ് ജില്ലാപോലീസ് മേധാവിയായിരിക്കെ ശ്രീ.എസ്.സുരേന്ദ്രനെ (ഐ.പി.എസ്) അന്വേഷണവിധേയമായി സ്ഥാനത്ത് നിന്ന് മാറ്റുകയും തുടർന്ന് 26.06.2013 ലെ സ.ഉ(സാധാ) നം. 5256/13/പൊ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം ടി ഓഫീസർക്ക് കൊല്ലം ജില്ലാ (റൂറൽ) പോലീസ് മേധാവിയായി നിയമനം നൽകിയിട്ടുമുണ്ട്. പത്തനംതിട്ട ജില്ലാ |

പോലീസ് മേധാവിയായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തെന്നും കൈക്കൂലി വാങ്ങിയെന്നുമുള്ള ആരോപണങ്ങളെ ത്തുടർന്ന് ശ്രീ.രാഹുൽ ആർ.നായർ, ഐ.പി.എസ് നെ 11/06/2014/ലെ സ.ഉ. (സാധാ) നം. 4558/14/GAD ഉത്തരവ് പ്രകാരം , തൽസ്ഥാനത്തു നിന്നും മാറ്റുകയും തുടർന്ന് 16.06.2014 ലെ സ.ഉ.(സാധാ)നം.4715/2014/GAD നമ്പർ ഉത്തരവ് പ്രകാരം ടിയാനെ എം.എസ്.പി ബറ്റാലിയന്റെ കമാണ്ടന്റായി നിയമിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഴിമതിക്കാരായ എത്ര ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും പുറത്താക്കിയിട്ടുണ്ട്; അവർ ആരെല്ലാം; വകുപ്പുകൾ ഏതെല്ലാം; വ്യക്തമാക്കുമോ: | (ഇ) | 304 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻഷൻ/പുറത്താക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (ബി) യിൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ